## വിജയശ്രീ

# ലോക്സഭാ തിരഞ്ഞെടുപ്പിനു കുടുംബശ്രീയുടെ സേവന പങ്കാളിത്തം

ലോക്സഭാ തിരഞ്ഞെടുപ്പിൽ വിവിധ സേവനങ്ങളേകി ശ്രദ്ധേയമായ ഇടപെടൽ നടത്തി കുടുംബശ്രീ. ഇതാദ്യമായാണ് ഒരു തിരഞ്ഞെടുപ്പിൽ ഇത്രയേറെ സേവനങ്ങൾ കുടുംബശ്രീ നൽകുന്നത്. വിവിധ ജില്ലകളിലെ കലക്ടർമാർ ആവശ്യപ്പെട്ടതനുസരിച്ച് അതത് ജില്ലാ മിഷനുകളുടെ നേതൃത്വത്തിലാണ് ഈ സേവനങ്ങൾ നൽകിയത്.

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കു പരിശീലനം നൽകുന്ന കേന്ദ്രങ്ങളിൽ ഭക്ഷണം വിതരണം ചെയ്യൽ, പോളിങ് സാമഗ്രികൾ വിതരണം ചെയ്യുന്ന കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർക്കു ഭക്ഷണം നൽകൽ, പ്രിന്റിങ് - ഡേറ്റ എൻട്രി ജോലികൾ, ഹരിത ചട്ടം പാലിക്കുന്നതിനായി ഹരിതകർമ സേനയുടെ സേവനങ്ങൾ, കുടിവെള്ള വിതരണം, തുണിസഞ്ചി തയാറാക്കി നൽകൽ, പോളിങ് ബൂത്തുകളുടെ വൃത്തിയാക്കൽ എന്നിങ്ങനെയുള്ള സേവനങ്ങളാണു തിരഞ്ഞെടുപ്പു കാലത്ത് കുടുംബശ്രീ നൽകിയത്. ഇതു കൂടാതെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷനും സാമൂഹിക നീതി വകുപ്പുമായി ചേർന്നു കുടുംബശ്രീയുടെ നാടക സംഘമായ രംഗശ്രീ ബോധവൽകരണ പരിപാടികളിലും സജീവമായിരുന്നു. വിവിധ ജില്ലകളിലായി നടന്ന ഈ ബോധവൽക്കരണ പരിപാടി ഫെബ്രുവരി 17ന് ആരംഭിച്ചിരുന്നു.



സ്വതന്ത്രവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിനായി തങ്ങളാലാവും വിധമുള്ള സേവനങ്ങൾ നൽകാൻ കഴിഞ്ഞതിൽ കുടുംബശ്രീക്ക് ഏറെ അഭിമാനമുണ്ട്.

**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

## കുടുംബശ്രീ ഇൻഫൊ

### ഹഡ്കൊയുടെ ബഹുമതി

പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ)- ലൈഫ് പദ്ധതിക്ക് കീഴിൽ വനിതാ നിർമാണ സംഘങ്ങൾ വഴി ഭവനനിർമാണം നടത്തി നൽകുന്നതിനു കുടുംബശ്രീക്കു ഹഡ്കോയുടെ (ഹൗസിങ് ആൻഡ് അർബൻ ഡവലപ്മെന്റ് കോർപറേഷൻ) അവാർഡ്. 2018-19 കാലയളവിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി പിന്തുടർന്ന മികച്ച മാതൃകയ്ക്കുള്ള അവാർഡാണ് കുടുംബശ്രീക്കു ലഭിച്ചത്.



# അക്ഷരനഗരിയിലെ അക്ഷരശ്രീ

കോട്ടയം നഗരത്തിന്റെ അച്ചടി മേഖലയിലെ പാരമ്പര്യം കണക്കിലെടുത്തു ചാർത്തി നൽകപ്പെട്ട പേരാണ് അക്ഷരനഗരി എന്നത്. ആ പേര് അർഥവത്താക്കുന്നതിൽ കുടുംബശ്രീ, ജില്ലയ്ക്കു നൽകിയ സംഭാവനകളിലൊന്നാണ് അക്ഷരശ്രീ പ്രസ്.

തൃക്കൊടിത്താനം കോട്ടമുറിയിൽ മണിമുറി സാംസ്കാരികനിലയം കെട്ടിടത്തിൽ 2002 മേയ് 15 മുതൽ പ്രവർത്തിച്ചു വരുന്നു അക്ഷരശ്രീ പ്രസ്. വനിതകൾക്ക് ഉപജീവന മാർഗം കണ്ടെത്തി നൽകുന്നതിനായി തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്താണ് പ്രിന്റിങ് പ്രസ്സ് സ്ഥാപിച്ചു നൽകിയത്.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾക്കു കീഴിലുള്ള അയൽക്കൂട്ടങ്ങളിൽ നിന്നു താൽപര്യമുള്ള പത്തു വനിതകളെ കണ്ടെത്തി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ നൽകിയ പരിശീലനത്തിനു ശേഷമാണ് പ്രസ്സിനു തുടക്കമിടുന്നത്. ആദ്യകാലത്ത് ബൈൻഡിങ് മാത്രമായിരുന്നു ചെയ്തിരുന്നതെങ്കിൽ പിന്നീട് അച്ചടിമേഖലയിലെ എല്ലാ പ്രവർത്തനങ്ങളും ചെയ്തു തുടങ്ങി. കെട്ടിടവും പ്രിന്റിങ്ങിനുൾപ്പെടെയുള്ള യന്ത്രസാമഗ്രികളും പഞ്ചായത്തു നൽകി. കുടുംബശ്രീയിൽ നിന്നു തുടക്കത്തിൽ 25000 രൂപ ധനസഹായമായും ലഭിച്ചു. കൂടുതൽ യന്ത്രങ്ങൾ വാങ്ങുന്നതിനായി 2.50 ലക്ഷം രൂപ വായ്പ എടുത്തതിൽ ഒരു ലക്ഷം രൂപ കുടുംബശ്രീ സബ്സിഡിയായും നൽകി.

അംബിക കാർത്തികേയൻ, ഗീത ഗോപാലകൃഷ്ണൻ, ശോഭന ശശി, ശാലിനി സന്തോഷ്, മായ പ്രസാദ് എന്നീ അഞ്ചു വനിതകളാണ് ഇപ്പോൾ അക്ഷരശ്രീ പ്രസ്സിന്റെ നടത്തിപ്പുകാർ. പ്രിന്റിങ്, ബൈൻഡിങ് ഉൾപ്പെടെയുള്ള ജോലികൾ വഴി മാസം ശരാശരി ആറായിരത്തോളം രൂപ ഓരോ യൂണിറ്റ് അംഗത്തിനും ലഭിക്കുന്നു.

## പഠിക്കാം ഫുഡ് പ്രോസസിങ്ങും

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്കു പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പു നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 15 വയസ്സു മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവജനങ്ങൾക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു.

ഫുഡ് പ്രോസസിങ് ആൻഡ് പ്രിസർവേഷൻ എന്ന മേഖലയ്ക്കു കീഴിലും നൈപുണ്യ പരിശീലനം നേടാനുള്ള അവസരം പദ്ധതി വഴി നൽകുന്നു. ഫ്രൂട്സ് ആൻഡ് വെജിറ്റബിൾസ് പ്രോസസിങ് എന്ന കോഴ്സിൽ രണ്ടു പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴിയാണ് പദ്ധതി പ്രകാരം പരിശീലനം നൽകുന്നത്. പരിശീലനം പൂർത്തിയാക്കിയ 307 പേർക്കു ജോലി ലഭിച്ചു കഴിഞ്ഞു. 9000 രൂപയാണു ശരാശരി ശമ്പളം.

കൂടുതൽ വിവരങ്ങൾക്കു താഴെ പറയുന്ന കോൾ സെന്റർ നമ്പരിൽ വിളിക്കാം : 0484 2959595l